# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 384 – 04/02/2020 - ലെ മറുപടിക്ക്

## സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീ.പി.കെ. ശശി

ശ്രീ.ജെയിംസ് മാത്യു

ശ്രീ.എൻ. വിജയൻ പിള്ള

ശ്രീ.വി. അബ്ദുറഹിമാൻ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ മൂലം രാജ്യത്താകമാനമുണ്ടായിട്ടുള്ള വളർച്ച മുരടിപ്പ്, ജി.എസ്.ടി. വരുമാനത്തിലെ ഇടിവ്, കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചത് മൂലമുണ്ടാകുന്ന നികുതിനഷ്ടം മുതലായവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും ജി.എസ്.റ്റി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.ടി. ഗണ്യമായി കുറച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.എൻ - ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി ഉപഭോഗത്തിലുണ്ടാകുന്ന കുറവ് മൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവു വരാനിടയുണ്ട്. ഇതേ തുടർന്ന് കേന്ദ്രസർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതുമൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവ് വരുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ ലഭ്യതയിൽ കുറവ് വരുത്തും. പദ്ധതി പദ്ധതിയേതര ചെലവുകളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇത് ഒരു പരിധിവരെ മറികടക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ജി.എസ്.ടി. ഇനത്തിൽ മുൻവർഷത്തെക്കാൾ ഇതുവരെ എത്ര കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്; | അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്ക് പ്രകാരം 2019 ഡിസംബർ മാസം വരെ ജി.എസ്.ടി. ഇനത്തിൽ മുൻവർഷത്തെക്കാൾ 899.80 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. |

| | | |
|---|---|---|
| (സി) | സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽ കേന്ദ്ര സർക്കാർ വരുത്തിയ കുറവ് മൂലം സംസ്ഥാനത്തിന് അനുവദനീയമായ തുകയിൽ എത്ര കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളതെന്നും വായ്പാപരിധി ഉയർത്തണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്നും അറിയിക്കാമോ ? | നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത് 24,915/- കോടി രൂപയാണ് (തനി). കുറവ് ചെയ്തതിനു ശേഷം പൊതു വിപണിയിൽ നിന്നും കടമെടുക്കുന്നതിനായി 16,602/- കോടി രൂപയുടെ (മൊത്തം) അനുമതി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. വായ്പാപരിധി ഉയർത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിനോട് കേന്ദ്രസർക്കാർ ഇതുവരെ അനുകൂലമായി പ്രതികരിച്ചിട്ടില്ല. |

Nzenny

**സെക്ഷൻ ഓഫീസർ**